സ്ഥലംമാറ്റം/അടിയന്തിരം

ഭരണഭാഷ - മാതൃഭാഷ

എ1 /3331/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി - 15/02/2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്- ഗവൺമെന്റ് കോളേജുകൾ - 2018 - 19 അദ്ധ്യയന വർഷത്തേക്കുള്ള അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ അപേക്ഷകൾ ക്ഷണിക്കുന്നു.

സൂചന:- 05/02/2018 തീയതിയിൽ എ1/3331/2018/കോ.വി.വ നം.സർക്കുലർ

സർക്കാർ പുറപ്പെടുവിച്ച സ്ഥല മാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ, മ്യൂസിക് കോളേജുകൾ, ഗവൺമെന്റ് സംസ്കൃത കോളേജുകൾ, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരിൽ നിന്നും, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ, ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുകൾ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരിൽ നിന്നും 2018 - 19 അദ്ധ്യയന വർഷത്തേക്കുള്ള പൊതു സ്ഥലംമാറ്റ അപേക്ഷകൾ സൂചന സർക്കുലർ പ്രകാരം ഓൺലൈനായി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുവാൻ സാധിക്കാത്തതിനാൽ 2018 - 19 വർഷത്തെ പൊതു സ്ഥലം മാറ്റ അപേക്ഷകൾ സൂചന സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് ഈ കാര്യാലയത്തിലേക്ക് Manual ആയി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 05/03/2018 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രിൻസിപ്പാൾമാർ സ്ഥലമാറ്റ അപേക്ഷ അയക്കുമ്പോൾ സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഒപ്പ്/-
എം.എസ്. ജയ.ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. എല്ലാ ഗവൺമെന്റ് കോളേജ്/മ്യൂസിക് കോളേജ്/സംസ്കൃത കോളേജ് /ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് പ്രിൻസിപ്പാൾമാർക്കും
2. എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്/ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്/ലോകോളേജ്/മെഡിക്കൽകോളേജ്/ആയുർവേദകോളേജ് പ്രിൻസിപ്പാൾമാർക്കും
3. ഡയറക്ടർ പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
4. സൂപ്രണ്ട് എ/ബി സെക്ഷനുകൾ
5. എ/ബി സെക്ഷൻ ക്ലാർക്കുമാർ
6. സ്റ്റോക്ക് ഫയൽ/ കറന്റ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ/16/02/2018